## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 953 — 03.12. 2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്. കേരളത്തിൽ വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്തർ സംസ്ഥാന തൊഴിലാളികളെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിനു കീഴിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010-പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 47264 തൊഴിലാളികൾ (ഒക്ടോബർ 31 വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) കേരളത്തിൽ നിലവിൽ ഓരോ ജില്ലയിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് വകുപ്പിന്റെ പക്കൽ ഉണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിനു കീഴിലുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അന്തർസംസ്ഥാന തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 1665 |
| കൊല്ലം | 985 |
| പത്തനംതിട്ട | 2287 |
| ആലപ്പുഴ | 2264 |
| കോട്ടയം | 2709 |
| ഇടുക്കി | 1107 |

| | |
|---|---|
| എറണാകുളം | 7654 |
| തൃശ്ശൂർ | 3563 |
| പാലക്കാട് | 3180 |
| മലപ്പുറം | 2562 |
| കോഴിക്കോട് | 4099 |
| വയനാട് | 5230 |
| കണ്ണൂർ | 5926 |
| കാസർഗോഡ് | 4033 |

(സി) ഇവരെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

(സി) അന്തർ സംസ്ഥാന തൊഴിലാളികളെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് തൊഴിൽ വകുപ്പ് മുഖേന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (തൊഴിൽ ക്രമീകരണവും, സേവന വ്യവസ്ഥയും) നിയമത്തിലെ ചട്ടം-7 പ്രകാരം നിശ്ചിത ഫീസ് നിരക്കിൽ ലൈസൻസ് നൽകി വരുന്നുണ്ട്. എസ്. ആർ .ഒ നമ്പർ 42/98 നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും അതാത് ജില്ലാ ലേബർ ഓഫീസർ (ഇൻഫോഴ്സ്മെന്റ്) മാരും സംസ്ഥാന തലത്തിൽ ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം) ഉം ആണ് അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തൊഴിലിനായി നിയോഗിക്കുന്നതിനുള്ള ലൈസൻസ് അനുവദിയ്ക്കുന്ന ഉദ്യോഗസ്ഥർ. ഇത്തരത്തിൽ 1209 കരാറുകാർക്ക് തൊഴിൽ വകുപ്പു മുഖേന ലൈസൻസ് നൽകിയിട്ടുണ്ട്. ഇപ്രകാരം 51867 തൊഴിലാളികൾ ജോലിചെയ്തു വരുന്നു.

സെക്ഷൻ ആഫീസർ.